**ദനഹാക്കാലം മൂന്നാം ഞായർ**

**മർക്കോ 3:7-19**

## ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പ്

**ഡോ. സവിത മാത്യു എസ്കെഡി**

വിശുദ്ധ മർക്കോസ് ഈശോയുടെ ദൗത്യത്തിന്റെ പ്രധാനപ്പെട്ട രണ്ടാം ഭാഗം (3:13:6:6) ആരംഭിക്കുന്നത് 3:13-ൽ ആണ്. തനിക്കിഷ്ടമുള്ളവരെ ശിഷ്യന്മാരായി അടുത്ത് വിളിച്ചു ദൗത്യം ഏൽപിക്കുന്ന ഈശോയിൽ ആണ് ഈ ഭാഗം ആരംഭിക്കുന്നത്. ഒന്നാമത്തെയും (1:16-3:12) മൂന്നാമത്തെയും (6:7-8:26) ഭാഗങ്ങളും ഇതുപോലെതന്നെ ശിഷ്യന്മാരുടെ തിരഞ്ഞെടുപ്പിലും അയയ്ക്കപ്പെടലിലുമാണ് തുടങ്ങിവയ്ക്കുന്നത്.

യേശു ശിഷ്യന്മാരെ വിളിക്കുന്നതും തിരഞ്ഞെടുക്കുന്നതും നിയോഗിക്കുന്നതും അവനോടു കൂടെ ആയിരിക്കുന്നതിനും അവന്റെ ദൗത്യത്തിൽ പങ്കുചേരുന്നതിനും വേണ്ടിയാണ്. 3:13-ൽ ശിഷ്യന്മാരുടെ വിളിയെക്കുറിച്ചും അവരുടെ പ്രതികരണത്തെക്കുറിച്ചും പറയുമ്പോൾ തുടർന്ന് വരുന്ന രണ്ടു വാക്യങ്ങളിൽ ഈ വിളിയുടെ ഉദ്ദേശത്തെക്കുറിച്ചാണ് സുവിശേഷകൻ വ്യക്തമാക്കുന്നത്.

തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു (മർക്കോ. 3:13a).

അവർ അവന്റെ സമീപത്തേക്കു ചെന്നു (മർക്കോ. 3:13b).

തന്നോടുകൂടി ആയിരിക്കാനും, പ്രസംഗിക്കാൻ അയയ്ക്കുന്നതിനും (മർക്കോ. 3:14).

പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനും (മർക്കോ. 3:15).

1. 3:13a-ൽ ഈശോ തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിക്കുന്നത്, പഴയനിയമത്തിൽ ദൈവം തനിക്കിഷ്ടമുള്ളവരെ വിളിക്കുന്നതും തിരഞ്ഞെടുക്കുന്നതും ഓർമ്മപ്പെടുത്തുന്നുണ്ട്. ഈശോ ഇഷ്ടമുള്ളവരെ വിളിക്കുന്നത് അവരെ തനിക്കായി തിരഞ്ഞെടുക്കുന്നു എന്നുള്ള വസ്തുതയാണ് വെളിപ്പെടുത്തുന്നത്.
2. 3:13b വിളിയ്ക്ക് പ്രത്യുത്തരം നൽകുന്ന ശ്ലീഹന്മാരെക്കുറിച്ചാണ്. അവർ അവന്റെ അടുത്തേക്ക് ചെന്നു. അടുത്തേക്ക് ചെല്ലുന്നതിനു മുൻപ് അവർ ചെയ്ത കാര്യം ഏറെ ശ്രദ്ധേയമാണ്. തങ്ങളുടെ പഴയകാല ജീവിതത്തെ ഉപേക്ഷിച്ചാണ് അവർ അവന്റെ അടുത്തേക്ക് ചെന്നത്.

തുടർന്നുള്ള ഭാഗത്തു സുവിശേഷകൻ പറഞ്ഞു വയ്ക്കുന്നത് ശിഷ്യന്മാരെ വിളിച്ചതിന്റെ ലക്ഷ്യത്തെക്കുറിച്ചാണ്. നാല് തരത്തിലുള്ള കാര്യങ്ങളാണ് അതിലുള്ളത്.

1. തന്നോടുകൂടെ ആയിരിക്കാൻ: കൂടെ ആയിരിക്കുക എന്നതുകൊണ്ട് ശാരീരിക സാന്നിധ്യം മാത്രമല്ല അർത്ഥമാക്കുന്നത്. വിളിച്ചവനായ ഈശോയുമായി പ്രത്യേക ബന്ധത്തിൽ വരാനും അതിലൂടെ അവന്റെ ദൗത്യത്തിൽ പങ്കുകാരാകുന്നതിനും വേണ്ടിക്കൂടിയാണ് വിളിക്കപ്പെടുന്നത്.
2. അയയ്ക്കപ്പെടുക: രണ്ടു സാഹചര്യങ്ങൾക്കാണ് ഇവിടെ പ്രാധാന്യം കൊടുക്കുന്നത്. ആദ്യത്തേത്, ഈശോയുടെ പരസ്യജീവിതകാലം; രണ്ടാമത്തേത്, ഈശോയുടെ ഉത്ഥാനശേഷം. പരസ്യജീവിതകാലത്തു കൂടെനടന്ന ശിഷ്യർ അവന്റെ ഉത്ഥാനശേഷം അവന്റെ സന്ദേശം ലോകത്തിനു നൽകാൻ അവന്റെ സന്ദേശവാഹകരായി അയയ്ക്കപ്പെട്ടു.
3. പ്രസംഗിക്കുക: ഇത് രണ്ടാമത്തെ ലക്ഷ്യവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അയയ്ക്കപ്പെടുമ്പോൾ ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിക്കുകയാണ് ശിഷ്യർ ചെയ്യേണ്ടത്.
4. പിശാചുക്കളുടെമേൽ അധികാരം നൽകുക: അധികാരം നൽകിയത് പിശാചുക്കളെ, അശുദ്ധാത്മാക്കളെ, പുറത്താക്കാൻ ആണ്.

മർക്കോസ് സുവിശേഷകനെ സംബന്ധിച്ചിടത്തോളം ശിഷ്യന്മാരുടെ വിളിയെക്കുറിച്ചുള്ള വിവരണത്തിൽ അവരുടെ വിളിയുടെ ലക്ഷ്യത്തിനാണ് ഏറെ പ്രാധാന്യം. തന്റെ ദൗത്യത്തിൽ പങ്കുകാരാകാൻ ശിഷ്യർക്ക് അധികാരം നൽകിയതിലൂടെ ഈശോയും ശിഷ്യരും തമ്മിൽ ഒരു ദൃഢമായ ബന്ധം രൂപപ്പെടുന്നു.

നമ്മെ ഏൽപിക്കുന്ന ദൗത്യത്തിൽ വിശ്വസ്തരായിരുന്നു കൊണ്ട് നമുക്കും ഈശോയുമായി ദൃഢമായ ഒരു ആത്മബന്ധം സ്ഥാപിക്കാം.